# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3675 15.05.2017 ൽ മറുപടിക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടപടിയിലെ കാലതാമസം**

**ചോദ്യം**

**ശ്രീ.പുരുഷൻ കടലുണ്ടി**

**ഉത്തരം**

**ശ്രീ ജി സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) പല പൊതുമരാമത്ത് പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടപടിയിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) ഇൻവെസ്റ്റിഗേഷൻ നടപടി സമയ ബന്ധിതമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുന്നത് വേഗത്തിലാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി നിശ്ചയിക്കപ്പെട്ട ഏജൻസികളുടെ അപര്യാപ്തത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ ?

ബി) ഇൻവെസ്റ്റിഗേഷൻ നടപടികൾ എംപാനൽ ചെയ്തിട്ടുള്ള കൺസൾട്ടന്റുമാർ വഴി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെ സേവനവും ഉപയോഗിച്ച് വരുന്നു. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളോടനുബന്ധിച്ച് ഒരു ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് തുടങ്ങുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ തുടങ്ങികഴിഞ്ഞു. കൂടാതെ ഡി.റ്റി.ഇ യുടെ കീഴിൽ ഉള്ള എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക് എന്നിവയെ ഉൾപ്പെടുത്തി ഇൻവെസ്റ്റിഗേഷൻ ചെയ്യിക്കുവാനായി ഒരു എം.ഒ.യു എഗ്രിമെന്റ് വയ്ക്കുവാനും കൂടി തീരുമാനമെടുത്തിട്ടുണ്ട് . ആയത് ഉടനെ തന്നെ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ